# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2407** **05.11.2019-ൽ മറുപടിയ്ക്ക്**

## പ്രവാസി ചിട്ടി പ്രാവർത്തികമാക്കുന്നതിനുള്ള നടപടി

| ശ്രീ.എം. വിൻസെന്റ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പ്രവാസി ചിട്ടി പ്രാവർത്തികമാക്കുന്നതിന് കിഫ്ബിയുടെ ഭാഗത്ത് നിന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; ഇതിനായി കിഫ്ബിയിൽ നിന്നും ഇതുവരെ എന്ത് തുക ചിലവഴിച്ചുവെന്ന് അറിയിക്കാമോ; | (എ) & (ബി) | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയുടെ രൂപ രേഖ തയ്യാറാക്കുന്നതു മുതൽ എല്ലാ ഘട്ടങ്ങളിലും കിഫ്ബിയുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. വളരെ സങ്കീർണ്ണമായ ചിട്ടിയുടെ നടപടി ക്രമങ്ങൾ ഓൺലൈൻ സംവിധാനത്തിനുതകും വിധം ചിട്ടപ്പെടുത്തുക, ഇതിനു അനുസൃതമായ സോഫ്റ്റ് വെയർ ഘടന തയ്യാറാക്കുക, അവ ടെസ്റ്റ് ചെയ്യുക മറ്റു അനുബന്ധ സാങ്കേതിക സഹായങ്ങൾ നൽകുക എന്നിങ്ങനെ എല്ലാ നിർണ്ണായക ഘട്ടത്തിലും പ്രവാസി ചിട്ടിക്ക് ആവശ്യമായ പ്രചരണങ്ങൾ ഉറപ്പുവരുത്തുന്നതിനും കിഫ്ബി കെ.എസ്.എഫ്.ഇയോട് ഒത്തുനിന്നു പ്രവർത്തിച്ചു വരുന്നു. പ്രവാസി ചിട്ടിക്ക് വേണ്ട സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്നതിലും ചിട്ടിയുടെ പ്രചാരണത്തിനും വേണ്ട ധനസഹായവും കിഫ്ബി നൽകി വരുന്നു. സംവിധാനങ്ങൾക്കായി 11.63 കോടി രൂപയും പ്രചാരണ പ്രവർത്തനങ്ങൾക്കായി 12.01 കോടി രൂപയും കിഫ്ബിയിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇയിൽ നിന്നും പ്രവാസി ചിട്ടിയുടെ സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്യുന്നതിനും അതിന്റെ പ്രചരണത്തിനുമായി 5,43,94,654/- രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത് |
| (ബി) | പ്രവാസി ചിട്ടിയുടെ സോഫ്റ്റ് വെയർ ഡെവലപ് ചെയ്യുന്നതിനും അതിന്റെ പ്രചരണത്തിനും മറ്റുമായി കെ.എസ്.എഫ്.ഇ ഇതിനകം എന്ത് തുക ചെലവഴിച്ചു; | | |

| | | | |
|---|---|---|---|
| (സി) | പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം മന്ത്രിയുടെ നേതൃത്വത്തിൽ കെ.എസ്.എഫ്.ഇ ഉദ്യോഗസ്ഥരും കിഫ്ബി ഉദ്യോഗസ്ഥരും എത്ര വിദേശ രാജ്യങ്ങൾ സന്ദർശിച്ചുവെന്ന് അറിയിക്കാമോ; | (സി) & (ഡി) | പ്രവാസി ചിട്ടിയുടെ പ്രചരണത്തിനായി മന്ത്രിയുടെ നേതൃത്വത്തിൽ കെ.എസ്.എഫ്.ഇ ഉദ്യോഗസ്ഥർ UAE, UK എന്നീ രാജ്യങ്ങളും കിഫ്ബി ഉദ്യോഗസ്ഥർ ദുബായ്, അബുദാബി എന്നീ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്. കിഫ്ബി ടീമിന്റെ യാത്ര, താമസം, ഭക്ഷണം മറ്റ് അനുബന്ധ പരിപാടികൾ സംഘടിപ്പിച്ച ഇനത്തിലുമായി 59,71,987/- രൂപ ചെലവായിട്ടുണ്ട്. കെ.എസ്.എഫ്.ഇ ടീമിന്റെ യാത്രാ ചെലവുകൾക്കും അനുബന്ധ പരിപാടികൾ സംഘടിപ്പിച്ചതിനുമായി ഇതുവരെ ലഭ്യമായ ബില്ലുകളുടെ അടിസ്ഥാനത്തിൽ UAE യാത്രയ്ക്ക് 3,49,884/- രൂപയും UK യാത്രയ്ക്ക് 13,58,670/- രൂപയും ചെലവായിട്ടുണ്ട്. |
| (ഡി) | ഈ സന്ദർശനങ്ങൾക്കായി ഇതിനകം എന്ത് തുകയാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ? | | |

Priya

സെക്ഷൻ ഓഫീസർ